# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

**ബഹുമാനപ്പെട്ട വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ ചേംബറിൽ 18.01.2012 –ന് രാവിലെ 8 മുതൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:–**

അദ്ധ്യക്ഷൻ : ശ്രീ. പി. കുഞ്ഞാലിക്കുട്ടി
ബഹു. വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പു മന്ത്രി

**1. പൊതു വിഷയങ്ങൾ**

1.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2012–ലെ മിനിറ്റ്സ് അംഗീകരിച്ചു

**2. പ്രത്യേക വിഷയങ്ങൾ**

**2.1 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം.64448/ഡി.എ3/11/തസ്വഭവ)തീയതി 18/01/12**

തനത്ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച 38 പദ്ധതികൾക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.2 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം.61631/ഡി.എ3/11/തസ്വഭവ) തീയതി 18/01/12**

എൻട്രൻസ് കോച്ചിംഗിന് ഫീസ് നൽകുന്ന പദ്ധതി സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം ലഭ്യമാക്കേണ്ടതാണ്. കോച്ചിംഗ് നൽകുന്ന സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് ലിസ്റ്റ് ചെയ്ത് അടുത്ത യോഗത്തിൽ ലഭ്യമാക്കേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായവും വാങ്ങി സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3 പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.55936/ഡി.എ2/11/തസ്വഭവ)തീയതി 18/01/12**

ശുദ്ധജലം ശേഖരിച്ച് വയ്ക്കുന്നതിനാവശ്യമായ 500 ലിറ്റർ ടാങ്കുകൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4 മാവേലിക്കര നഗരസഭ (ഫയൽ നം.73401/ഡി.എ3/11/തസ്വഭവ))തീയതി 18/01/12**

ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് കൗൺസലിംഗ്–മോട്ടിവേഷണൽ പ്രോഗ്രാം എന്ന പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിരുന്ന സമയം കഴിഞ്ഞു പോയതിനാൽ അനുമതി നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5 'യൂണിവേഴ്സൽ അസെറ്റ്' എന്ന ചാരിറ്റബിൾ സൊസൈറ്റിക്ക് അക്രെഡിറ്റേഷൻ നൽകുന്നതു സംബന്ധിച്ച് (ഫയൽ നം.73999/ഡി.എ1//11/തസ്വഭവ)തീയതി 18/01/12**

അക്രഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച് സോഷ്യൽ വെൽഫയർ, ആരോഗ്യം, വിദ്യാഭ്യാസം വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് (ഫയൽ നം.760/ഡി.എ2/12/തസ്വഭവ) തീയതി 18/01/12**

റോഡ്– സോളിംഗ് & ടാറിംഗ് എന്ന പദ്ധതിക്ക് എസ്.സി.പി. ഫണ്ടിന് പകരം പൊതു വിഭാഗത്തിലുള്ള ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7 തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള എച്ച്.ഐ.വി/എയ്ഡ്സ് നയം**
**(ഫയൽ നം.3679/ഐ.ബി.2/11/തസ്വഭവ) തീയതി 18/01/12**

'കില' തയ്യാറാക്കിയ നയരേഖയിൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നൽകിയ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി കരട് രേഖ സമർപ്പിക്കുന്നതിന് 'കില' ഡയറക്ടറെ ചുമതലപ്പെടുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8 മാവേലിക്കര നഗരസഭ (ഫയൽ നം.73402/ഡി.എ3/11/തസ്വഭവ)തീയതി 1801/12**

സ്റ്റുഡന്റ് കേഡറ്റുകൾക്ക് യൂണിഫോം, ലഘുഭക്ഷണം തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതി വികസനഫണ്ട് ഒഴിവാക്കി തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9 ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് (ഫയൽ നം.687/ഡി.എ2/12/തസ്വഭവ) തീയതി 18/01/12**

എസ്.സി.പി. ഫണ്ടിൽ നിന്നും വാസസ്ഥലം വാങ്ങി നൽകുന്ന പദ്ധതിയിൽ 22 ഗുണഭോക്താക്കളെ ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.10 തൃശൂർ നഗരസഭ (ഫയൽ നം.59242/എഫ്.എം.3/11/തസ്വഭവ)തീയതി 1801/12**

'സേവാ സദനം' എന്ന അനാഥ മന്ദിരത്തിന് സൗജന്യമായി ശുദ്ധജലം നൽകുന്നതിന് തൃശൂർ നഗരസഭ തീരുമാനിച്ചിട്ടുള്ളത് സംബന്ധിച്ച് പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് മുനിസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.11 കേരള സാമൂഹ്യ സുരക്ഷാ മിഷൻ (ഫയൽ നം. 1694/എഫ്.എം.3/11/തസ്വഭവ)**
**തീയതി 1801/12**

പ്രവർത്തന ഫണ്ട് രൂപീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾ 10 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് 5 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും മുനിസിപ്പാലികളും നഗരസഭകളും യാഥാക്രമം 5 ലക്ഷം/10 ലക്ഷം രൂപ വീതവും തനത്/പ്ലാൻ ഫണ്ടിൽ നിന്നും ഡി.പി.സി. അംഗീകാരത്തിന് വിധേയമായി കോൺട്രിബ്യൂഷൻ നൽകുന്നതിന് യഥേഷ്ടാനുമതി നൽകുന്നു.

മിഷൻ തയ്യാറാക്കുന്ന സ്റ്റാമ്പ് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുനിസിപ്പാലിറ്റികളും 50,000/രൂപയിൽ കുറയാതെ വില വരുന്നത്ര എണ്ണം വാങ്ങി, വിറ്റുകിട്ടുന്ന മുറയ്ക്ക് തുക മിഷൻ അക്കൗണ്ടിൽ തിരികെ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതിനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.12 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം. 42464/ഐ.ബി.3/11/തസ്വഭവ) തീയതി 18/01/12**

.സംസ്ഥാനത്തെ എല്ലാ ജില്ലാ പഞ്ചായത്തുകളിലും എൽ.എസ്.ജി.ഡി പൊതു മരാമത്ത് വിഭാഗത്തിന് ഒരു വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.13 KU& RDFC (ഫയൽ നം. 73888/ഐ.എ.2/11/തസ്വഭവ)തീയതി 18/01/12**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കാനുള്ള വായ്പ മുതൽ തുക (principal amount) പൊതുവിഭാഗം/വികസനഫണ്ട് ഉപയോഗിച്ച് തിരിച്ചടയ്ക്കാവുന്നതാണെന്നും പലിശ തിരിച്ചടവ് സംബന്ധിച്ച് കൂടുതൽ പരിശോധന വേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.14 ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 72541/ഡി.എ.2/11/തസ്വഭവ) തീയതി 18/01/12**

റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ച് 2010–11 വർഷം 2.9 മീറ്റർ വീതിയിൽ പണി നടത്തിയ നടപ്പാതയുടെ ബാക്കി ഭാഗം മാത്രം അതേ വീതിയിൽ നടപടിക്രമങ്ങൾ പാലിച്ച് ചെയ്യുന്നതിന് അനുവദിക്കുന്നു. മേലിൽ നടപ്പാതകൾ 2 മീറ്ററിൽ കൂടുതൽ വീതിയിൽ പണി നടത്താൻ പാടുള്ളതല്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.15 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 72169/ഡി.എ.1/11/തസ്വഭവ) തീയതി 18/01/12**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ടാറിംഗ് പണികൾക്ക് ബിറ്റുമെൻ വാങ്ങി നൽകുന്നതിനുള്ള വ്യവസ്ഥ പൊതു മരാമത്ത് വകുപ്പിൽ അവലംബിക്കുന്ന വ്യവസ്ഥയായ "15 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രവൃത്തിക്കുവരെ" എന്ന് മാറ്റം വരുത്തുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.16 കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 1764/ഡി.എ.2/11/തസ്വഭവ) തീയതി 18/01/12**

പട്ടികജാതി വനിതകൾക്ക് കറവ പശു വാങ്ങി നൽകുന്ന പദ്ധതി കറവ പശുക്കൾക്കു പകരം കിടാരി വാങ്ങി നൽകുന്നതിനും ടെണ്ടർ ഒഴിവാക്കുന്നതിനും അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.17 കല്ലറ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 926/ഡി.എ.3/11/തസ്വഭവ) തീയതി 18/01/12**

2010–11–ൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പാക്കിയ പദ്ധതിയുടെ തുക നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.18 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 64492/ഡി.എ.1/11/തസ്വഭവ)തീയതി 18/01/12**

പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് തയ്യാറാക്കിയ പദ്ധതി ഗാർഹിക കണക്ഷൻ മാത്രമേ പാടുള്ളൂ. സ്ട്രീറ്റ് ടാപ്പ് പാടില്ല, തുടർ ചെലവുകൾ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ് എന്നീ നിബന്ധനകളോടെ വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.19 വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 64489/ഡി.എ.1/11/തസ്വഭവ)**

**തീയതി 18/01/12**

ട്രൈബൽ സെറ്റിൽമെന്റ് പ്രദേശത്ത് റോഡ് പണിയുന്ന പദ്ധതിക്ക് എല്ലാ നടപടിക്രമങ്ങളും പാലിച്ച് 2 മീറ്റർ വീതിയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയോടെ അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടയ്ക്കു പുറമേ</u>**

**2.20 പൊതുമരാമത്ത് പ്രവൃത്തി (2584/ഡി.എ1/12/തസ്വഭവ) തീയതി 18/01/12**

റോഡ് പണിക്കാവശ്യമായ മെറ്റീരിയൽ സ്റ്റാക്കു ചെയ്യുന്നത് CTEയെ അറിയിക്കണമെന്നുള്ള നിലവിലെ നിയമം പഴയ സ്ഥിതിയിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശം ധനകാര്യ വകുപ്പിന് റഫർ ചെയ്യുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 9.A.M. ന് അവസാനിച്ചു)